(സി) ഭൂഗർഭജലം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, സംസ്ഥാനത്തിന്റെ ചില ഒറ്റപ്പെട്ട ഭാഗങ്ങളിൽ (ഉദാഹരണമായി പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്) ഭൂജല വിതാനം വളരെയധികം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂജല സംപോഷണത്തിനായി കഴിഞ്ഞ കുറെ വർഷങ്ങളായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ ചെറിയ തടയണകൾ, ചി.സി.ബി.കൾ, അടിയണകൾ, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും തുറന്ന കിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 44.22 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2012-13 സാമ്പത്തിക വർഷത്തിൽ 44 പദ്ധതികൾ പ്രാവർത്തികമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 58.56 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 75 പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു.

(സി) ഭൂജല ശോഷണം ഉള്ള പ്രദേശങ്ങൾ തിട്ടപ്പെടുത്തുവാനായി ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ടിനെയാണ് അടിസ്ഥാനമാക്കുന്നത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നത് ജി.ഡബ്ല്യു.ഡി.ഇ.എസ്., മാപ് ഇൻഫോ, വെർട്ടിക്കൽ മാപ്പർ, ആർക്കിൻ ഫോ തുടങ്ങിയ ആധുനിക സോഫ്റ്റ് വെയറുകളുടെ സഹായത്തോടെയാണ്. ഈ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് സംസ്ഥാനത്തെ ഭൂജല സമ്പത്തിനെയും ഭൂജല ഉപയോഗത്തിന്റെയും മറ്റും അളവ് തിട്ടപ്പെടുത്തി ആവശ്യമായ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ ഭൂജല വകുപ്പിന് സാധിക്കുന്നുണ്ട്. കൂടാതെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഹൈഡ്രോളജി പ്രോജക്ടിൻ കീഴിൽ വികസിപ്പിച്ചെടുത്ത ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (ചി) സോഫ്റ്റ് വെയർ ഉപയോഗിച്ച് തടയണകളുടെ സ്ഥാനവും സംഭരിക്കുന്ന ജലത്തിന്റെ അളവും വ്യാപ്തിയും മറ്റും നിർമ്മാണത്തിന് മുമ്പുതന്നെ നിർണ്ണയിക്കുവാൻ സാധിക്കുന്നു.

കൊല്ലം ജില്ലയിലെ സെൻട്രൽ വർക്ക് ഷോപ്പ്

166 (6871) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂജലവകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ സെൻട്രൽ വർക്ക്ഷോപ്പ് നിലനിർത്തുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം സെൻട്രൽ വർക്ക്ഷോപ്പിലെ നിലവിൽ ഏതെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഭൂജലവകുപ്പിന്റെ 14 ജില്ലകളിലുള്ള വാഹനങ്ങളുടെയും മെഷിനറികളുടെയും ചെറുതും വലുതുമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതും നിലവിലുള്ള വാഹനങ്ങൾ സി.എച്ച് ടെസ്റ്റിന് സജ്ജമാക്കുന്നതും ഈ വർക്ക് ഷോപ്പിലാണ്. കൂടാതെ KMML, IRE തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് കുഴൽ കിണർ നിർമ്മാണത്തിനാവശ്യമായ എം.എസ്. പൈപ്പുകൾ സ്ലോട്ട് ചെയ്ത് ഈ വർക്ക് ഷോപ്പിൽനിന്നും നൽകുന്നുണ്ട്.

വർക്ക് ഷോപ്പിലുള്ള ക്രെയിനുകളുടെ സഹായത്താൽ ജില്ലാ ഓഫീസുകളിലേക്ക് വാങ്ങുന്ന വലിയ മെഷിനറികൾ ഇറക്കിവയ്ക്കുകയും ആവശ്യാനുസരണം വാഹനങ്ങളിൽ സജ്ജമാക്കുകയും ചെയ്യുന്നു.

ഭൂജല വകുപ്പിലെ 14 ജില്ലകളിലേക്ക് കുഴൽകിണർ/ട്യൂബ് വെൽ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ഡയറക്ടറേറ്റ് മുഖേന വാങ്ങി ഇവിടെ സൂക്ഷിക്കുകയും മറ്റു ജില്ലകളിലേക്ക് ആവശ്യാനുസരണം വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഓരോ ജില്ലാ ഓഫീസുകളിലും ഉപയോഗ ശൂന്യമായ സാധന സാമഗ്രികൾ ഇവിടെ സൂക്ഷിച്ച് വില നിശ്ചയിക്കുകയും അനുമതിക്കനുസരിച്ച് ലേലം ചെയ്യുകയും ചെയ്യുന്നു.

1. പല KMML-ന് വേണ്ടി എം.എസ്. പൈപ്പ് slotting വർക്ക് ചെയ്യുന്നുണ്ട്.

2. കൊല്ലം ജില്ലാ ഓഫീസിലെ KL 01 P 6888 TATA Sumo C.H.Test-ന് ആവശ്യമായ മെക്കാനിക്കൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക്, പാച്ച് വർക്ക്, പെയിന്റിംഗ് വർക്ക് എന്നിവ ചെയ്യുന്നു.

3. കോട്ടയം ജില്ലാ ഓഫീസിലെ KRA 5462 വാട്ടർ ടാങ്കിന്റെ C.H.Test-ന് ആവശ്യമായ മെക്കാനിക്കൽ പ്രവർത്തികൾ, പാച്ച് വർക്കുകൾ, പെയിന്റിംഗ് വർക്കുകൾ മുതലായവ ചെയ്യുന്നു.

4. KRV 6673 ട്രാക്ടറിന്റെ പാച്ച് വർക്ക്, പെയിന്റിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക്, അപ്പോൾസ്റ്ററി വർക്കുകൾ എന്നിവ ചെയ്യുന്നു.

5. ഇടുക്കി ജില്ലാ ഓഫീസിലെ KL. 01 AM 3749 ഐഷർ ലോറിയുടെ മെക്കാനിക്കൽ വർക്കുകൾ നടത്തിവരുന്നു.

6. കോഴിക്കോട് ജില്ലാ ഓഫീസിലെ KET 4028 ലോറിയുടെ C.H.Test-ന് ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നു.

7. കൊല്ലം, ഇടുക്കി ജില്ലാ ഓഫീസുകളിലെ പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകളുടെ alteration വർക്കുകൾ നടത്തി പമ്പിംഗ് ടെസ്റ്റിന്

LIBRARY ARCHIVES Kerala Legislative Assembly

സജ്ജമാക്കിക്കൊണ്ടിരിക്കുന്നത് ഈ വർക്ക് ഷോപ്പിലെ മെഷിനറികളുടെ സഹായത്തോടെയാണ്.

8. കൊല്ലം ജില്ലയിലെ തെന്മലയിൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു.

ഉൾനാടൻ ജലപാതാ വികസനം

167 (6872) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ പ്രയോജനം വർദ്ധിക്കുന്നതിനായി ഗതാഗത, വിനോദസഞ്ചാര വകുപ്പുകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് ജലപാതകളുടെ ആഴവും വീതിയുംകൂട്ടി മോടി പിടിപ്പിച്ച് കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അത്തരമൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ ;

(സി) ഉൾനാടൻ ജലപാതാവികസനത്തിന് കഴിഞ്ഞ പത്തുവർഷം എന്തുതുക ചെലവഴിച്ചുവെന്നും ഏതൊക്കെ ജലപാതകൾക്കുവേണ്ടിയാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളത്തിൽ കൊല്ലംമുതൽ കോട്ടപ്പുറം വരെയുള്ള ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് ഈ പ്രവൃത്തി നടത്തുന്നത്. ദേശീയ ജലപാതയ്ക്ക് പ്രത്യേക മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ദേശീയ ജലപാതയ്ക്ക് തെക്കും വടക്കും ഉള്ള ജലപാതകളും ഇതിലേക്ക് എത്തിച്ചേരുന്ന ഫീഡർ കനാലുകളും സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ഇതിനായി ധനകാര്യ കമ്മിഷന്റെയും നബാർഡിന്റെയും ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാന ബഡ്ജറ്റ് വിഹിതവും ഉപയോഗിക്കുന്നുണ്ട്. ജലപാതയുടെ വികസന സ്ഥലം ലഭ്യമാക്കുന്നതിനും പണികൾ നടത്തുന്നതിനും മറ്റു വകുപ്പുകളുടെ സഹകരണം ഉപയോഗപ്പെടുത്തുന്നുണ്ട്.

ജലപാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന സ്ഥലങ്ങളിൽ ടൂറിസം വകുപ്പിന്റെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും സഹകരണത്തോടെ പാതയുടെ സംരക്ഷണവും പരിപാലനവും നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly